5. വിലവർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്ര നിർദ്ദേശം ഇപ്രകാരമാണ്.

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുള്ള അരി വില ഉപഭോക്താവിന് ഇപ്പോൾ കിലോയ്ക്ക് 4 രൂപ എന്നത് 6 രൂപയോ 6.50 രൂപയോ ആകും

(ബി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് യഥാർത്ഥ വിലയോ (Economic Cost) മാർക്കറ്റു വിലയോ ഏതാണ് കുറവെന്നാൽ അത്. ഇതു നടപ്പിലായാൽ ഉപഭോക്താവ് ഒരു കിലോ അരിക്ക് 12 രൂപയെങ്കിലും നൽകേണ്ടിവരും

(ബി) കേന്ദ്രഗവൺമെന്റിന്റെ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ നയം ഉൾക്കൊണ്ടുകൊണ്ടുള്ള സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായമാണ് നിലവിലുള്ളത്. മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ബി.പി.എൽ & എ.പി.എൽ. എന്നീ രണ്ടു വിഭാഗങ്ങൾക്കായി റേഷൻ വിതരണം നടത്തുന്നത്. എ.പി.എൽ. വിഭാഗത്തിന് ആഴ്ചയിൽ 4 കിലോ അരിക്ക് ഒരു രൂപ സബ്സിഡി നൽകി കിലോയ്ക്ക് 8.60 രൂപയ്ക്കും ബാക്കി വരുന്ന അർഹതപ്പെട്ട വിഹിതം 9.60 രൂപയ്ക്കും നൽകി വരുന്നു. ബി.പി.എൽ. വിഭാഗത്തിന് അവർക്ക് അർഹതപ്പെട്ട വിഹിതത്തിനുപുറമേ ആഴ്ചയിൽ 2.5 കിലോവീതം മാസത്തിൽ 10 കിലോഗ്രാം അരി വീതം 4 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

(സി) നിലവിലുള്ള റേഷൻ സംവിധാനം തുടരണമെന്നതാണ് ഗവൺമെന്റിന്റെ നിലപാട്.

**ആശുപത്രികളിലെ കൈക്കൂലിക്കെതിരെ നടപടി**

142 (146)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ നവജാതശിശുക്കളെ ബന്ധുക്കളെ കാണിക്കുന്നതിനായി കോഴ വാങ്ങുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സമ്പ്രദായം അവസാനിപ്പിക്കുന്നതിന് അടിയന്തിര സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടില്ല.

(ബി&സി) ഉദിക്കുന്നില്ല.

**മെഡിക്കൽ കോളേജ് പേയിംഗ് കൗണ്ടറിലെ ക്രമക്കേട്**

143 (147) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിവികസന സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന പേയിംഗ് കൗണ്ടറിൽ ലക്ഷങ്ങളുടെ തിരിമറി നടത്തി എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ആശുപത്രി വികസനത്തിന് വികസനസമിതിയിൽ നിന്ന് തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കുമോ ;

(ഡി) വികസന സമിതിയുടെ അജണ്ടയിൽ ചേർക്കാതെയും മിനിട്ട്സിൽ രേഖപ്പെടുത്താതെയും സമിതിയുടെ ഫണ്ടിൽ നിന്നു തുക ചെലവാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) വികസന സമിതിയുടെ വരവ് ചെലവ് കണക്കുകൾ യഥാസമയം ആഡിറ്റിന് വിധേയമാക്കാറുണ്ടോ ; ഏത് ഏജൻസിയിലാണ് ഓഡിറ്റ് നടത്തുന്നത് ;

(ജി) 1997-98, 1998-99 കാലത്ത് ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എച്ച്) വികസന സമിതിയുടെ കണക്കുകൾ സർക്കാർ ഏജൻസിയെ കൊണ്ട് ഓഡിറ്റ് ചെയ്യിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പത്രവാർത്തയിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനോട് ഇതേപ്പറ്റി അന്വേഷിക്കാൻ നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിലെ കണക്കുകൾ വിശദമായി പരിശോധനയ്ക്ക് വിധേയമാക്കാൻ നടപടി എടുത്തുവരുന്നു.

(സി) 10 ലക്ഷം തുകവരെ സർക്കാരിന്റെ അനുമതി കൂടാതെ ആശുപത്രി വികസനസമിതിക്ക് ചെലവഴിക്കാവുന്നതാണ്. വികസന പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുന്ന നിർദ്ദേശങ്ങൾ വികസന സമിതിയിൽ അവതരിപ്പിച്ച് അനുമതി വാങ്ങേണ്ടതാണ്.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉണ്ട്. വികസന സമിതിയുടെ മെസ്സേഴ്സ് ഗോപകുമാർ ആന്റ് കമ്പനിയാണ് ഇന്റേണൽ ഓഡിറ്റ് നടത്തുന്നത്. കൂടാതെ മെഡിക്കൽ വിദ്യഭ്യാസ ഡയറക്ട്രേറ്റിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗവും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് വിഭാഗവും കാലാകാലങ്ങളിൽ ഓഡിറ്റ് നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ജി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ട്രേറ്റിലെ ഓഡിറ്റ് വിഭാഗം നടത്തിയ ഓഡിറ്റിന്റെ റിപ്പോർട്ട് അന്തിമമായിട്ടില്ല. 1-9-1997 മുതൽ 31-10-1998 വരെയുള്ള കാലത്തേയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എ.ജി. നടത്തിയ ഓഡിറ്റിൽ എച്ച്.ഡി.സി.യും പെടുന്നു. ബന്ധപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(എച്ച്) വികസന സമിതിയുടെ കണക്കുകൾ ഡി.എം.ഇ.യിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗവും അക്കൗണ്ടന്റ് ജനറലും പരിശോധിക്കാറുണ്ട്.

**മെഡിക്കൽ കോളേജ് ജീവനക്കാരുടെ എണ്ണം**

**144 (148)** ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആകെ ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം ഇപ്പോൾ എത്ര ; കാറ്റഗറി തിരിച്ചു വ്യക്തമാക്കുമോ ;

(ബി) ഓരോ കാറ്റഗറിയിലും ഇപ്പോൾ എത്ര വീതമുണ്ട് ;

(സി) കിടക്കകളുടെ അടിസ്ഥാനത്തിൽ 15 മുതൽ 19 വരെയുള്ള വാർഡുകളിൽ വിവിധ കാറ്റഗറികളിൽപ്പെട്ട ജീവനക്കാരുടെ എണ്ണം കുറവാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, എസ്.എ.റ്റി. ആശുപത്രി എന്നിവിടങ്ങളിൽ ആകെ ആവശ്യമുള്ള ജീവനക്കാർ 1705 പേർ ആണ്. കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(സി) ഉണ്ട്.

(ഡി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രൈമറി ഹെൽത്ത് സെന്ററുകളിൽ സ്റ്റാഫിനെ നിയമിക്കാൻ നടപടി**

**145 (149)** ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ സ്ഥിരമായ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്ത ആശുപത്രികൾ ഏതെല്ലാം ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly